# കേരള മീഡിയ അക്കാദമി
## കാക്കനാട്, കൊച്ചി-30

## അടിയന്തര ക്വട്ടേഷൻ നോട്ടീസ്

വിഷയം:- **കേരള മീഡിയ അക്കാദമി--ഇക്കോ ഫ്രണ്ട്‌ലി കാമ്പസിന്റെ പരിപാലനത്തിന് ആളെ നിയോഗിക്കുന്നത് സംബന്ധിച്ച്.**

---

326/ഇ/2016/കെഎംഎ തീയതി: 03.05.2016

---

കേരള മീഡിയ അക്കാദമിയിലെ ഇക്കോ ഫ്രണ്ട്‌ലി കാമ്പസ് കളകൾ പറിച്ചും നനച്ചും മറ്റുജോലികൾ ചെയ്തും പരിപാലിക്കുന്നതിന് അടിയന്തര ക്വട്ടേഷൻ മത്സരാടിസ്ഥാനത്തിൽ ക്ഷണിക്കുന്നു. കുറഞ്ഞത് 2 മണിക്കൂറും പരമാവധി 3 മണിക്കൂറുമാണ് ഓരോ ദിവസവും പരിപാലനം നടത്തേണ്ടത്. മറ്റു വ്യവസ്ഥകൾ അക്കാദമിയിൽ നിന്നു ലഭിക്കും. അക്കാദമി സെക്രട്ടറിയുടെ അഥവാ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ നിർദ്ദേശാനുസരണം ജോലികൾ ചെയ്യേണ്ടതാണ്.

ക്വട്ടേഷൻ അംഗീകരിച്ച് 24 മണിക്കൂറിനുള്ളിൽ കരാർ ഒപ്പിടണം. ജോലി തൃപ്തികരമല്ലെങ്കിൽ കരാർ അവസാനിപ്പിക്കാനുള്ള അധികാരം അക്കാദമി സെക്രട്ടറിക്കായിരിക്കും. ജോലിസമയം വ്യക്തമാക്കി ദിവസവേതനം/പ്രതിമാസവേതനം രേഖപ്പെടുത്തിയ ക്വട്ടേഷൻ 2016 മെയ് മാസം ആറാം തീയതി പകൽ മൂന്നുമണിക്കകം അക്കാദമിയിൽ തപാൽ മുഖേനയോ നേരിട്ടോ ലഭിക്കണം.

ഈ ക്വട്ടേഷൻ നോട്ടീസ് പ്രകാരം ലഭിക്കുന്ന ക്വട്ടേഷനുകളിലൊന്നോ ഒന്നിലധികമോ മുഴുവനുമോ വ്യക്തമായ കാരണം രേഖപ്പെടുത്തി നിരസിക്കാനും ആവശ്യമായിവന്നാൽ നോട്ടീസ് തന്നെ റദ്ദു ചെയ്യാനും സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

**വിലാസം: സെക്രട്ടറി**
**കേരള മീഡിയ അക്കാദമി**
**കാക്കനാട്, കൊച്ചി-30**
**ഫോൺ: 0484 2422275**

**സെക്രട്ടറി ഇൻ ചാർജ്**

പകർപ്പ്:

1 മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, ഐ&പിആർഡി, എറണാകുളം
(ആമുഖകത്ത് സഹിതം - നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
2 അക്കാദമി നോട്ടീസ് ബോർഡ്
3 ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്യൂണിക്കേഷൻ
(നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
4 കരുതൽ ഫയൽ
5 ഓഫീസ് കോപ്പി